പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1883** 17-03-2015 - ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ കടാശ്വാസ കമ്മീഷൻ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.യു.കുരുവിള** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി** |
| എ) | വിവിധ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത് കടക്കെണിയിലായ മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും കടബാദ്ധ്യതകൾ എഴുതിതള്ളുവാൻ നടപടി ഉണ്ടാകുമോ; | എ) | നിലവിലെ നിയമവ്യവസ്ഥയനുസരിച്ച് 31.12.2007 വരെ എടുത്ത് കുടിശ്ശികയായതും 30.06.2013 ന് മുമ്പായി കടാശ്വാസത്തിന് അപേക്ഷിച്ചവരുമായ മത്സ്യത്തൊഴിലാളികളുടെ കടമാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത് . മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗത വരുമാനം 60,000/-നും കുടുംബ വരുമാനം 2 ലക്ഷത്തിലും കൂടിയിരിക്കാൻ പാടില്ല എന്ന ഉപാധിയുണ്ട്. മത്സ്യത്തൊഴിലാളി തന്റെ വരുമാന വർദ്ധനവിനായി മത്സ്യബന്ധന പ്രവർത്തനങ്ങൾക്കൊഴികെ വാണിജ്യ ആവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി എടുത്തിട്ടുള്ള വായ്പകളെ കടാശ്വാസ ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കി യിട്ടുണ്ട്. കടക്കെണിയിലായ മുഴുവൻ മത്സ്യത്തൊഴിലാളികളുടെ കടബാധ്യതകൾ എഴിതിത്തളളുക എന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ഭവനനിർമ്മാണ സഹായം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണപദ്ധതിയിൽ ഉൾപ്പെടുത്തി 2400 വീടുകളും മാതൃകാ മത്സ്യഗ്രാമ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങളും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2014-15 വർഷത്തിൽ 1800 വീടുകളും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. മൂന്ന് പദ്ധതികൾക്കും കൂടി ആകെ 9173 വീടുകൾ ഈ സർക്കാർ വന്നതിനുശേഷം അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | മത്സ്യത്തൊഴിലാളി ആവാസ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കുമോ? | സി) | വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിറ്റേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി നടപ്പാക്കുന്നു. 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 57 മത്സ്യഗ്രാമങ്ങളെ ടി പദ്ധതിയിലുൾപ്പെടുത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ